ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിട്യൂട്ടുകളിൽ നിന്നും ലഭിക്കുന്ന കാറ്ററിംഗ് സർട്ടിഫിക്കറ്റ്

102. [152] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും അംഗീകാരത്തോടുകൂടി സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ നടത്തപ്പെടുന്ന ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിട്യൂട്ടുകളിൽ നിന്നും ലഭിക്കുന്ന കാറ്ററിംഗ് സർട്ടിഫിക്കറ്റിന് ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) അംഗീകാരം നൽകിയിട്ടില്ലെങ്കിൽ നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർട്ടിഫിക്കറ്റ് സർക്കാർ സർവ്വീസിലെ ഏതെങ്കിലും ജോലിക്കുള്ള മിനിമം യോഗ്യതയായി അംഗീകരിച്ചിട്ടില്ല.

(ബി, സി) ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട്

103. [153] ശ്രീ. കെ. പി. പ്രഭാകരൻ :
,, കെ. ടി. കണാരൻ :
,, കെ. ടി. കുമാരൻ :
,, വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ നിന്നും സ്കൂൾ കെട്ടിടങ്ങൾ പുതുക്കി പണിയാൻ തുക അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകൾക്ക് എത്ര തുക വീതമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ ജില്ലയ്ക്കും അനുവദിച്ച മൊത്തം സംഖ്യ എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് *

(സി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് *

* അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly